**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 973** **06-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ കൊയ്യാൻ പാകമായ നെല്ല് മടവീണ് മുങ്ങി പോകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മടവീഴ്ച മൂലം നെല്ല് മുങ്ങി പോകുന്നത് തടയുവാനായി പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ കുട്ടനാട് പാക്കേജ് വഴി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ വർഷത്തെയും ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തിയും NABARD- RIDF സ്കീമിലുൾപ്പെടുത്തിയും ലഭ്യമാകുന്ന തുകയ്ക്കാണ് ആലപ്പുഴ, കോട്ടയം ജില്ലകളിലായുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ ബലക്ഷയമുള്ള ഭാഗങ്ങൾ അടിയന്തരമായി ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എസ്.ഡി.ആർ.എഫ് പദ്ധതിയിലുൾപ്പെടുത്തി പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ ബലക്ഷയമുള്ള ഭാഗങ്ങൾ ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായ ത്തിൽ ഉൾപ്പെട്ട കനകാശ്ശേരി പാടശേഖരത്തിൽ സ്ഥിരമായി ഉണ്ടാകുന്ന മടവീഴ്ചയ്ക്ക് ഒരു ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനായി 06-02-2020-ൽ ഐ.ഡി.ആർ.ബി ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തുകയും തുടർന്ന് സാങ്കേതിക ഡിസൈൻ ജോലികൾ നിർവഹിക്കുന്നതിന് 16-06-2021-ലെ സ.ഉ(സാധാ)നം.314/ 2021/ജവിവ ഉത്തരവ് പ്രകാരം LBS Institute of Technology for Womens Thiruvananthapuram നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിസൈന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | പുറംബണ്ടുകളുടെ നിർമ്മാണത്തിന് ചെലവു കുറഞ്ഞതും അതിവേഗം നിർമ്മാണം പൂർത്തിയാകുന്നതുമായ ആധുനിക സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ; വിശദമാക്കുമോ; | (സി) | കുട്ടനാട്ടിലെ ജലാശയങ്ങളിലെ ഓളങ്ങൾ പ്രതിരോധിക്കുവാൻ നിലവിലെ രീതികളായ കൽക്കെട്ടും പൈൽ ആന്റ് സ്ലാബ് ഉപയോഗിച്ചുകൊണ്ടുള്ള പുറംബണ്ടു നിർമ്മാണവുമാണ് പര്യാപ്തമായിട്ടുള്ളത്. ആധുനിക |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യകളെല്ലാം പ്രാരംഭ ഘട്ടത്തിലാണ്. വിശദമായ പഠനത്തിനുശേഷം മാത്രമേ കുട്ടനാട്ടിലെ സാഹചര്യത്തിന് അവ അനുയോജ്യമാണോ എന്ന് അറിയുവാൻ സാധിക്കുകയുള്ളു. |
| (ഡി) | തകർന്ന പുറംബണ്ട് പുനർനിർമ്മിച്ച പാടശേഖരസമിതികൾക്ക് പ്രസ്തുത തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | തകർന്ന പുറംബണ്ട് പുനർ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പ്, പാടശേഖര സമിതി വഴി പ്രവൃത്തി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ